"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി :20.06.2024

# ഇരുപതിനായിരം രൂപ കൈക്കൂലി വാങ്ങവേ വില്ലേജ് ഓഫീസർ വിജിലൻസ് പിടിയിൽ

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ തുവ്വൂർ വില്ലേജ് ഓഫീസറായ ശ്രീ. കെ. സുനിൽ രാജനെയാണ് 20000/- രൂപ കൈക്കൂലി വാങ്ങവെ ഇന്ന് (20.06.2024) വിജിലൻസ് പിടികൂടിയത്. പട്ടയം ലഭിക്കുന്നതിനുള്ള റിപ്പോർട്ട് നൽകുന്നതിലേക്കാണ് 20000/- രൂപ കൈക്കൂലിയായി സുനിൽ രാജൻ ചോദിച്ചു വാങ്ങിയത്.

നിലമ്പൂർ താലൂക്കിലെ തുവ്വൂർ വില്ലേജിലെ നീലാഞ്ചേരി സ്വദേശിയായ പരാതിക്കാരിയുടെ 35 സെൻറ് ഭൂമി വിൽക്കുന്നതിന് ശ്രമിച്ചപ്പോൾ പട്ടയം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ഉള്ളതിനാൽ വിൽക്കാനാകാതെ വന്നതിനെ തുടർന്ന് ആയത് പരിഹരിക്കുന്നതിലേക്കായി പരാതിക്കാരി കഴിഞ്ഞ വർഷം നവംബറിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പല പ്രാവശ്യം വില്ലേജ് ഓഫീസറെ കണ്ടപ്പോഴും പല കാരണങ്ങൾ പറഞ്ഞ് പരാതിക്കാരിയെ മടക്കി വിടുകയാണുണ്ടായത്. തുടർന്ന് 2 മാസങ്ങൾക്ക് മുമ്പ് 50000/- രൂപ കൈക്കൂലിയായി തന്നാൽ പട്ടയം സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കുന്നതിലേക്ക് റിപ്പോർട്ട് നൽകാമെന്നും വില്ലജ് ഓഫീസര് അറിയിച്ചു. തുടർന്ന് ഇന്നലെ വീണ്ടും വില്ലേജ് ഓഫീസിൽ എത്തി സംസാരിച്ചതിനെ തുടർന്ന് കൈക്കൂലി തുക 20000/- രൂപയാക്കി കുറച്ചു നൽകുകയും ഇന്ന് (20.06.2024) കൈക്കൂലി തുകയുമായി വില്ലേജ് ഓഫീസിൽ എത്താൻ

പരാതിക്കാരിയോട് ആവശ്യപ്പെട്ടുകയും ചെയ്തു. പരാതിക്കാരി ഈ വിവരം വിജിലൻസ് വടക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ.പ്രജീഷ് തോട്ടത്തിലിനെ അറിയിക്കുകയും അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം മലപ്പുറം വിജിലൻസ് യൂണിറ്റ് DySP ശ്രീ. ഫിറോസ് .M. ഷെഫീക്കിൻെറ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണി ഒരുക്കി ഇന്ന് (20.06.2024) ഉച്ചക്ക് ശേഷം 03.00 മണിയോടെ തുവ്വൂർ വില്ലേജ് ഓഫീസിൽ വച്ച് പരാതിക്കാരിയിൽ നിന്നും 20000/- രൂപ കൈക്കൂലി വാങ്ങവേ വില്ലേജ് ഓഫീസറായ സുനിൽ രാജനെ കൈയോടെ പിടികൂടുകയാണ് ഉണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി യെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. ശശീന്ദ്രൻ മേലയിൽ, ശ്രീ. ജ്യോതീന്ദ്രകുമാർ, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. ശ്രീനിവാസൻ, ശ്രീ.മോഹനകൃഷ്ണൻ, ശ്രീ.മധുസൂദനൻ, പോലീസ് അസ്സി. സബ് ഇൻസ്പെക്ടർ ശ്രീ. രതകുമാരി, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ശ്രീ. വിജയകുമാർ, ശ്രീ.ഷൈജു, ശ്രീ.സന്തോഷ്, ശ്രീ.രാജീവ്, സിവിൽ പോലീസ് ഓഫീസർമാരായ ശ്രീ.സുബിൻ, ശ്രീ.ശ്യാമ, ഡ്രൈവർമാരായ ശ്രീ.ഷിഹാബ്, ശ്രീ.സുനിൽ, ശ്രീ. അഭിജിത്ത് എന്നിവരുമുണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിൻെറ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ്കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.